## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### കുട്ടനാട്ടിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾക്ക് അധികരിച്ച നിരക്കിന് അനുമതി നൽകാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2993

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ പി.എം.ജി.എസ്.വൈ. അഞ്ചാം ഘട്ടം മുതൽ ഏഴാം ഘട്ടംവരെയുള്ള റോഡുകൾ നടപ്പിലാക്കാനാവാത്തതിനാൽ എത്ര തുകയുടെ വികസന പദ്ധതിയാണ് നഷ്ടപ്പെട്ടതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എട്ടാം ഘട്ടത്തിൽ അനുവദിച്ച റോഡുകൾ റീടെണ്ടർ ചെയ്തിട്ടും കരാറുകൾ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 50%-മെങ്കിലും അധികരിച്ച നിരക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | എട്ടാം ഘട്ടത്തിൽ അനുവദിച്ച റോഡുകൾ പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അവയുടെ എസ്റ്റിമേറ്റുകൾ 2013-ലെ തദ്ദേശ വിപണി നിരക്കിനെ (LMR) അടിസ്ഥാനമാക്കി പി.എം.ജി.എസ്.വൈ., SOR തയ്യാറാക്കി യിട്ടുണ്ട്. ഇവയ്ക്ക് അധിക നിരക്ക് നൽകുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പി.എം.ജി.എസ്.വൈ. പദ്ധതികളുടെ തുക ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ കുട്ടനാട് പോലെയുള്ള പ്രദേശങ്ങൾക്ക് ഇളവ് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | കുട്ടനാട് പ്രദേശം ഉൾപ്പെടുന്ന ആലപ്പുഴയിൽ ഒന്നാകെ റോഡ് പണികൾക്കുള്ള ഗ്രാവൽ മണ്ണ്, പാറ, മെറ്റൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ മറ്റ് ജില്ലകളിൽ നിന്നും കൊണ്ടുവരേണ്ടതായുണ്ട്. ഇതിന്റെ ദൗർലഭ്യവും, നൽകുന്ന നിരക്ക്, സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകൾ നൽകുന്നതിനേക്കാൾ കുറവായതും കാരണമാണ് പണികൾ എറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാതിരിക്കുന്നത്. സ്വകാര്യ മടകളിൽ (ക്വാറികൾ) നിന്നും എടുക്കുന്ന മണ്ണിന് വില നൽകാൻ എസ്റ്റിമേറ്റിൽ വ്യവസ്ഥ ഇല്ലാത്തതും ഇതിന് കാരണമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അനുമതി ലഭിച്ച താഴെപ്പറയുന്ന റോഡുപണികൾ നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ, 1375.42 ലക്ഷം രൂപ മതിപ്പ് ചിലവ് വരുന്ന 11 റോഡുകൾ നഷ്ടമായിട്ടുണ്ട്. അവയുടെ വിവരങ്ങൾ താഴെ കാണിച്ചിരിയ്ക്കുന്നു.

| നം. | ഫേസ് | ബ്ലോക്ക് | റോഡിന്റെ പേര് | ദൈർഘ്യം (കി.മീ) | മതിപ്പുചിലവ് (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | 5 | വെളിയനാട് | പള്ളിക്കൂട്ടുമ്മ-മണലാടി | 1.70 | 99.60 |
| 2 | 5 | വെളിയനാട് | ചെറുകാട്-ജിമംഗലം | 1.33 | 79.78 |
| 3 | 7 | വെളിയനാട് | നാരകത്തറ-ചാക്കച്ചമ്പാക്കം | 2.91 | 138.44 |
| 4 | 7 | വെളിയനാട് | കിടങ്ങറ-ചെറുകാപ്പ് | 2.40 | 133.04 |
| 5 | 7 | വെളിയനാട് | വികാസ്മാർഗ്ഗ്-കണ്ണാടി | 1.512 | 122.95 |
| 6 | 7 | വെളിയനാട് | മാല്ലൂർ-പുളിങ്കുന്നു | 0.66 | 35.24 |
| 7 | 7 | വെളിയനാട് | വികാസ്മാർഗ്ഗ്-വേണാട്ടുകാട് | 6.34 | 447.28 |
| 8 | 7 | ചമ്പക്കുളം | മിൽമ-ചെക്കിടിക്കാട് | 1.29 | 129.29 |
| 9 | 7 | ചമ്പക്കുളം | തകഴി-കൊരംകുഴി | 1.04 | 55.09 |
| 10 | 7 | ചമ്പക്കുളം | നെടുമുടി പഞ്ചായത്ത്-പുല്ലങ്ങടി | 0.98 | 65.02 |
| 11 | 7 | ചമ്പക്കുളം | ബ്ലോക്ക് ജംഗ്ഷൻ-പുതുവീട് | 1.44 | 69.69 |